# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1134** | **30.11.2018-ൽ മറുപടിയ്ക്ക്**

## ഓച്ചിറ വൃശ്ചികോത്സവവുമായി ബന്ധപ്പെട്ട് ലഹരി വിനിമയ നിയന്ത്രണം

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) ഓച്ചിറ ക്ഷേത്രത്തിലെ വൃശ്ചികോത്സവവുമായി ബന്ധപ്പെട്ട് ലഹരി വിനിമയം . നിയന്ത്രിക്കുന്നതിന് നടപ്പിലാക്കിവരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) കരുനാഗപ്പള്ളി റെയ്ഞ്ച് പരിധിയിലുള്ള ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ പ്രസിദ്ധമായ പന്ത്രണ്ട് വിളക്ക് മഹോത്സവം നടക്കുന്ന 26.11.2018-മുതൽ 28.11.2018-വരെയുള്ള തീയതികളിൽ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശം സമ്പൂർണ്ണ മദ്യനിരോധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. മേൽ പരിധിയ്ക്കുള്ളിൽ പ്രവർത്തിച്ച വരുന്ന മദ്യ വില്പനയുമായി ബന്ധപ്പെട്ട ലൈസൻസ് സ്ഥാപനങ്ങൾ മേൽ ദിവസങ്ങളിൽ അടച്ചിടുന്നതിന് ലൈസൻസികൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. |
| (ബി) ഈ പ്രദേശം 12 ദിവസം മദ്യനിരോധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | ബി) ഇല്ല. 26.11.2018- മുതൽ 28.11.2018 വരെയുള്ള തീയതികളിൽ മാത്രമാണ് മദ്യ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) പോലീസ് വകുപ്പിലെ ഷാഡോ പോലീസിന്റെ മാതൃകയിൽ എക്സൈസ് ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | സി) ഉണ്ട്. കൊല്ലം ജില്ലാ എക്സൈസ് ഇന്റലിജൻസ് ബ്യൂറോ, കരുനാഗപ്പള്ളി എക്സൈസ് സർക്കിൾ ഓഫീസ്, കരുനാഗപ്പള്ളി എക്സൈസ് റെയിഞ്ച് ഓഫീസ്, എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് എന്നീ ഓഫീസുകളിലെ ഉദ്യോഗസ്ഥരെ മേൽ ഉത്സവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ മഫ്റ്റിയിലും അല്ലാതെയും പ്രത്യേക നിരീക്ഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പ്രചാരണം | ഡി) ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ പ്രസിദ്ധമായ പന്ത്രണ്ട് വിളക്ക് മഹോത്സവുമായി ബന്ധപ്പെട്ട് |

| | |
|---|---|
| നടത്തുന്നതിനുള്ള മാസ് മീഡിയ പ്രവർത്തനങ്ങൾ, കൗൺസിലിംഗ് തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകുന്ന ഒരു പവലിയൻ ഓച്ചിറ പടനിലത്ത് ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പ്രചാരണത്തിന്റെ ഭാഗമായി പവലിയൻ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**